# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 170** — **08/12/2014-ന് മറുപടിക്ക്**

## മലയാളം ഔദ്യോഗിക ഭാഷയാക്കാൻ നടപടി

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. കെ. മുരളീധരൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. ജോസഫ് വാഴയ്ക്കൽ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം നിർബന്ധമായും സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയാക്കാൻഎന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടം ഘട്ടമായി 77 സർക്കാർ വകുപ്പുകളിലും 31 സ്വയം ഭരണ സ്ഥാപനങ്ങളിലും 65 പൊതുമേഖല/ സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗികഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെ മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത വകുപ്പുകളിലും സ്ഥാപനങ്ങളിലും പുതുതായി രൂപീകരിക്കുന്ന വകുപ്പുകൾ സ്ഥാപനങ്ങൾ എന്നിവയിലും മലയാളം ഔദ്യോഗിക ഭാഷയാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം മേഖലകളിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സെക്രട്ടേറിയറ്റ്/സെക്രട്ടേറിയറ്റിതര വകുപ്പുകൾ, സ്വയംഭരണ-പൊതുമേഖല – സഹകരണ സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (സി) യും (ഡി) യും | ഔദ്യോഗികഭാഷ സംബന്ധിച്ച് 1969-ലെ കേരള ഔദ്യോഗികഭാഷകൾ ആക്ട് നിലവിലുണ്ട്. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ